## കലാവിദ്യാഭ്യാസം

സമയം : 40 മിനിറ്റ്
സ്കോർ : 15

**1 മുതൽ 6 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് ഒരു സ്കോർ** **(4 x 1= 4)**

1. കേരളത്തിലെ വയലുകളും ഗ്രാമങ്ങളും ചിത്രങ്ങളിൽ പകർത്തിയ, പ്രകൃതിയോടും പരിസ്ഥിതിയോടും വളരെ ആഭിമുഖ്യം പുലർത്തിയ കേരളീയനായ ചിത്രകാരൻ ആര്?
(രാജൻ എം.കൃഷ്ണൻ, അതുൽ ദോദിയ, അപർണ കൗർ, സുബോദ് ഗുപ്ത)

2. ചിത്രത്തിൽ തന്നിരിക്കുന്ന പാശ്ചാത്യ സംഗീതോപകരണം ഏതാണ്?



a. b. c. d.

3. ഗുഹാക്ഷേത്രങ്ങളും ഒറ്റക്കൽ മണ്ഡപങ്ങളും ശില്പങ്ങളും അടങ്ങിയ പല്ലവകാല ശില്പനഗരം ഏതാണ്?
(അജന്ത, എലഫന്റാ, ഹാരപ്പ, മഹാബലിപുരം)

4. ഫോട്ടോഗ്രാഫിയിൽ അകലെയുള്ളതും അടുത്തുള്ളതുമായ വസ്തുക്കളെ വ്യക്തതയോടെ പകർത്തുന്നതിന് ക്യാമറയിൽ ഘടിപ്പിക്കുന്ന ഉപകരണം ഏതാണ്?



a. ട്രൈപ്പോഡ് b. ലെൻസ് c. മെമ്മറികാർഡ് d. ബാറ്ററി

5. നൃത്തത്തിൽ 'ആംഗികം' എന്ന അഭിനയരീതി കൊണ്ട് അർത്ഥമാക്കുന്നതെന്താണ് ?
(ശരീരഭാഗങ്ങൾ ഉപയോഗിച്ചുള്ള അഭിനയം, ശബ്ദം ഉപയോഗിച്ചുള്ള അഭിനയം, ഉപകരണങ്ങൾ ഉപയോഗിച്ചുള്ള അഭിനയം, ഉടയാടകൾ ഉപയോഗിച്ചുള്ള അഭിനയം)

6. കഥകളി സംഗീതത്തിൽ ഇലത്താളം വായിക്കുന്നവർ എന്ത് പേരിൽ അറിയപ്പെടുന്നു?
(കാഥികൻ, വിദൂഷകൻ, ശിങ്കിടി, പ്രാസംഗികൻ)

**7 മുതൽ 11 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക. ഓരോന്നിനും 3 സ്കോർ വീതം.** **(2 x 3 = 6)**

7. ചേരുംപടി ചേർക്കുക.

| | |
|---|---|
| കലാമണ്ഡലം ഹൈദരാലി | ഹിന്ദുസ്ഥാനി സംഗീതം |
| സക്കീർ ഹുസൈൻ | കഥകളി സംഗീതം |
| ഭീംസെൻ ജോഷി | തബല |

8. താഴെ കൊടുത്തിരിക്കുന്ന സന്ദർഭത്തെ അടിസ്ഥാനമാക്കി പൂന്തോട്ടം പരിപാലിക്കുന്ന കുട്ടിയെ ഉൾക്കൊള്ളിച്ച് ചിത്രം വരയ്ക്കുക.
(വരയ്ക്കാൻ പ്രത്യേകം പേപ്പർ ഉപയോഗിക്കുക)



a.ചെടിച്ചട്ടിയിൽ വാടി നിൽക്കുന്ന ചെടി

b.ചെടിക്ക് വെള്ളം ഒഴിക്കുന്ന കുട്ടി.

c. ചെടിയിൽ വിരിഞ്ഞ് നിൽക്കുന്ന പൂവ് കണ്ട് ആഹ്ലാദിക്കുന്ന കുട്ടി

9. ചിത്രങ്ങളിൽ കൊടുത്തിരിക്കുന്ന കർണാടക സംഗീത ഉപകരണങ്ങളുടെ പേര് എഴുതുക.



a. b. c.

10. നവരസങ്ങൾ എഴുതി പൂർത്തിയാക്കുക.
1) ശൃംഗാരം 2)...................... 3) കരുണം 4) രൗദ്രം 5) ......................
6) ഭയാനകം 7) ബീഭത്സം 8) ...................... 9) ശാന്തം

11. താഴെ കൊടുത്തിരിക്കുന്ന പാവനാടകത്തിനുള്ള പാവകൾ ഏതെന്ന് എഴുതുക.



a. .................................... b. .................................... c. ....................................

**12 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിന് ഉത്തരമെഴുതുക. ശരിയുത്തരത്തിന് 5 സ്കോർ.** **(1 x 5 = 5)**

12. നിങ്ങളുടെ നാട്ടിൽ നടക്കുന്ന പുഷ്പോത്സവത്തിന് മനോഹരമായ പോസ്റ്റർ തയ്യാറാക്കുക. അനുയോജ്യമായ തലക്കെട്ടും ചിത്രവും വരച്ച് നിറം നൽകി പൂർത്തിയാക്കുക.
(പോസ്റ്റർ തയ്യാറാക്കാൻ പ്രത്യേകം പേപ്പർ ഉപയോഗിക്കുക)

13. കഥകളി സംഗീതം, മാപ്പിളപ്പാട്ട്, പുള്ളുവൻപാട്ട് ഇവയിൽ ഏതെങ്കിലുമൊന്നിനെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുക.

14. 'മേശപ്പുറത്തെ പെൻസ്റ്റാന്റിനകത്ത് ഒരു പെൻസിൽ, വെള്ളപേപ്പർ ക്ലിപ്പ് ചെയ്ത് വെച്ച റൈറ്റിംഗ് ബോർഡ് എന്നിവയുണ്ട്. അവിടേയ്ക്ക് പെൻസിലിനെ തിന്നാനായി ഒരു എലി കടന്നു വരുന്നു. പെൻസിൽ എലിയിൽ നിന്നും രക്ഷപ്പെടാനായി ഓടി വെള്ളപേപ്പർ ക്ലിപ്പ് ചെയ്തു വെച്ച ബോർഡിനടുത്തെത്തുന്നു. പെൻസിൽ പേപ്പറിൽ പൂച്ചയുടെ ചിത്രം വരച്ച് എലിയെ കാണിക്കുന്നു. എലി പേടിച്ചോടുന്നു.
ഈ കഥാസന്ദർഭത്തെ കാർട്ടൂൺ സിനിമയായി ചിത്രീകരിക്കാൻ സ്റ്റോറി ബോർഡ് തയ്യാറാക്കുക.

മേശപ്പുറത്ത് ക്ലിപ്പ് ബോർഡും പെൻസ്റ്റാന്റും പെൻസിലും

എലി കടന്നു വരുന്നു. പെൻസിൽ ഓടുന്നു

# കലാവിദ്യാഭ്യാസം വാർഷിക മൂല്യനിർണ്ണയം 2023

## ഉത്തരസൂചിക 8-ാം തരം

സമയം 40 മിനിറ്റ് ആകെ മാർക്ക്_15

1 മുതൽ 6 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതുക (4 X 1 = 4 )

1. രാജൻ എം കൃഷ്ണൻ, 2. b, 3. മഹാബലിപുരം, 4 .ലെൻസ്, 5. ശരീരഭാഗങ്ങൾ ഉപയോഗിച്ചുള്ള അഭിനയം, 6. ശിങ്കിടി

7 മുതൽ 11 വരെയുള്ള ചോദ്യങ്ങൾക്ക് ഏതെങ്കിലും രണ്ടെണ്ണത്തിന് ഉത്തരമെഴുതുക (2 X 3= 6 )

7. കലാമണ്ഡലം ഹൈദരാലി - കഥകളിസംഗീതം
   സക്കീർ ഹുസൈൻ - തബല
   ഭീംസെൻ ജോഷി - ഹിന്ദുസ്ഥാനി സംഗീതം

8



9. a) ഘടം, b) മൃദംഗം, c) വീണ

10. വീരം, ഹാസ്യം, അത്ഭുതം

11. വിരൽപ്പാവ, നൂൽപ്പാവ, തോൽപ്പാവ

12 മുതൽ 14 വരെയുള്ള ചോദ്യങ്ങളിൽ ഒന്നിന് മാത്രം ഉത്തരമെഴുതുക (1 X 5 = 5 )

12




13 മാപ്പിളപ്പാട്ട് : കേരളത്തിലെ മുസ്ലീം ജനവിഭാഗങ്ങൾക്കിടയിൽ രൂപം കൊണ്ട സംഗീത ശാഖയാണ് മാപ്പിളപ്പാട്ട്. ഇത് അറബി മലയാളത്തിലെ സാഹിത്യമായാണ് രൂപം കൊണ്ടത്. ജനകീയതയും സർഗ്ഗാത്മകതയുമാണ് ഇതിന്റെ പ്രത്യേകതകൾ. ഗാന മാധുരിക്ക് പ്രാധാന്യം കൽപ്പിക്കുന്ന മാപ്പിളപ്പാട്ടുകൾക്ക് ധാരാളം ആസ്വാദകരുണ്ട്.

പുള്ളുവൻ പാട്ട് : കേരളത്തിന്റെ തനത് പാരമ്പര്യത്തിന്റെ ഭാഗമാണിത്. പ്രാചീനമായ നാടൻ പാട്ട് സംസ്ക്കാരത്തിൽ വേറിട്ടു നിൽക്കുന്ന ഒരു സംഗീത ശാഖയാണ് പുള്ളുവൻ പാട്ട്. ഇതൊരു അനുഷ്ഠാന കലയായി നിലനിൽക്കുന്നു. പുള്ളുവ കുടവും പുള്ളുവ വീണയുമാണ് ഇതിലെ പ്രധാന വാദ്യോപകരണങ്ങൾ.

സുരേഷ് കാട്ടിലങ്ങാടി

കഥകളി സംഗീതം : കഥകളി അവതരണത്തിലെ ഗാനവും അനുബന്ധ വാദ്യോപകരണങ്ങളും ചേരുന്നതാണ് കഥകളി സംഗീതം. ഇതിലെ പാട്ടാണ് കഥകളിപദം. മദ്ദളം, ചേങ്ങില, ഇലത്താളം തുടങ്ങിയവയാണ് ഇതിലെ വാദ്യോപകരണങ്ങൾ. അഭിനയത്തെ പൊലിപ്പിക്കുക എന്നതാണ് കഥകളി സംഗീതത്തിന്റെ ധർമ്മം.

14

